പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 308

22.08.2017 ൽ
മറുപടിക്ക്

**പോലീസ് സേനയെ ആധുനീകരിക്കുവാൻ നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുരളി പെരുനെല്ലി<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.പി.കെ. ശശി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പോലീസ് സേനയെ ആധുനീകരിക്കുന്നതിനും ശാക്തീകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) പോലീസ് സേനയുടെ ശാക്തീകരണവും ആധുനികവത്കരണവുമായി ബന്ധപ്പെട്ട് 4700ലക്ഷം രൂപ 2017-2018 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ താഴെപ്പറയുന്ന പദ്ധതികളും നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നു.<br>(1) ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി ദേശീയ സംസ്ഥാന പാതകളിൽ 350 ഇടങ്ങളിൽ ക്യാമറ സ്ഥാപിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പദ്ധതി സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു.<br>(2) കേന്ദ്ര സഹായത്തോടു കൂടി സൈബർ ഇൻവെസ്റ്റിഗേഷൻ സെന്റർ ആരംഭിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി തയ്യാറാക്കി നൽകിയ 469.39ലക്ഷം രൂപയുടെ രൂപരേഖയും സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു.<br>(3) ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനം വികസിപ്പിക്കുന്നതിന് 450 ലക്ഷം രൂപയും ടെലികമ്മ്യൂണിക്കേഷൻ ശൃംഖലയുടെ വികസനത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന് 600 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.<br>(4) സൈബർ കുറ്റാന്വേഷണത്തിന്റെ സാങ്കേതിക മേഖല വികസിപ്പിക്കുന്നതിനും മൂന്ന് ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കാൻ യഥാക്രമം 100, 450 ലക്ഷം രൂപ വീതം വകയിരുത്തിയിട്ടുണ്ട്.<br>(5) പോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർ സോഫ്റ്റ് വെയറും ഫർണ്ണിച്ചറും വാങ്ങുന്നതിന് 290 ലക്ഷം രൂപയും സ്റ്റേഷനുകളിലെ സ്ഥല സൗകര്യം |

വർദ്ധിപ്പിക്കുന്നതിന് 500 ലക്ഷം രൂപയും നാലു ജില്ലകളിൽ ജില്ലാ കൺട്രോൾ റൂം നിർമ്മിക്കുന്നതിന് 80 ലക്ഷം രൂപയും ഇന്റലിജൻസ് സംവിധാനത്തിന്റെ ശാക്തീകരണത്തിനുള്ള പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് 150 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(6) കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ സഹായത്തോടു കൂടി "നേഷൻവൈഡ് എമർജൻസി റെസ്പോൺസ് സിസ്റ്റത്തിന്റെ" ഭാഗമായി "സ്റ്റേറ്റ് എമർജൻസി റെസ്പോൺസ് സെന്റർ" നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഈ പദ്ധതി "ഡയൽ 112" എന്നാണ് അറിയപ്പെടുന്നത്.

ബി) പോലീസ് സ്റ്റേഷനുകൾ ജനസൗഹൃദമാക്കുന്നതിന്, വിശേഷിച്ച് സ്ത്രീ സൗഹൃദമാക്കുന്നതിന് നടപ്പാക്കിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

ബി) സംസ്ഥാനത്തുള്ള മിക്കവാറും പോലീസ് സ്റ്റേഷനുകളിൽ സ്ത്രീ സൗഹൃദമാക്കുന്നതിന് റിസപ്ഷൻ, വനിതാ ഹെൽപ് ഡെസ്ക്, ടോയ്‌ലെറ്റോടു കൂടിയ വിസിറ്റേഴ്സ് റൂം മുതലായവ സ്ഥാപിച്ചിട്ടുണ്ട്. വനിതാ സന്ദർശകർക്ക് അത്യാവശ്യമായിട്ടുള്ള സൗകര്യങ്ങൾ കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും നടപ്പിലാക്കുന്നതിന് മുൻഗണന നൽകി വരുന്നു.

സി) സ്ത്രീകളുടെ നേരെ അതിക്രമം കാണിക്കുന്നവർ എത്ര ഉന്നതരായാലും കർശന നടപടിയെടുക്കാനുള്ള സർക്കാരിന്റെ ശ്രമം അട്ടിമറിക്കാനായി പ്രമുഖ പ്രതിപക്ഷ രാഷ്ട്രീയ കക്ഷി, ആക്രമണത്തിന് വിധേയരായവർക്ക് നേരെയും ബഹുജനങ്ങൾക്കു നേരെയും നടത്തിയ ആക്രമണം സ്ത്രീകളുടെ അഭിമാനത്തിന് നേരെയുള്ള ഭീഷണിയായിക്കണ്ട് ഇത്തരക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

സി) ഇത്തരത്തിലുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ കർശന നിയമ നടപടികൾ ഇപ്പോൾത്തന്നെ സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ